# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 160 09.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ബ്ലേഡ് മാഫിയയുമായി സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ബന്ധം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാനായി റെയ്ഡുകൾ നടത്തിയും രഹസ്യ വിവരങ്ങൾ ശേഖരിച്ചും കുറ്റക്കാരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുന്നതിനുവേണ്ടി നടന്നു വരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും നോഡൽ ഓഫീസർമാരേയും ബന്ധപ്പെടേണ്ട നമ്പരും, ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. |

(ബി) സംസ്ഥാനത്ത് ഇതിനകം ബ്ലേഡ് മാഫിയക്കെതിരെ നടപടി സ്വീകരിച്ചപ്പോൾ ഏതൊക്കെ തസ്തികകളിലുള്ള പോലീസ്, മറ്റിതര ഉദ്യോഗസ്ഥർ എന്നിവർക്ക് ബ്ലേഡ് മാഫിയയുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ബ്ലേഡ് മാഫിയയുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയ അസിസ്റ്റന്റ് സബ്-ഇൻസ്പെക്ടർ തസ്തികയിലെ ഒരാളെയും, ഒരു സിവിൽ പോലീസ് ഓഫീസറെയും അറസ്റ്റ് ചെയ്യുകയും അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ ബ്ലേഡ് മാഫിയയുമായി ബന്ധമുണ്ടെന്ന് ആരോപിക്കപ്പെട്ട മറ്റു വകുപ്പുകളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജയിൽ വകുപ്പ് | - 1 |
| കെ.എസ്.ആർ.ടി.സി | - 1 |
| വിദ്യാഭ്യാസം | - 2 |
| തദ്ദേശ സ്വയംഭരണം | - 1 |
| ഹോമിയോ | - 1 |

കൂടാതെ പോലീസ് വകുപ്പിലെ ആറു ഉദ്യോഗസ്ഥർ (3 അസിസ്റ്റന്റ് സബ്-ഇൻസ്പെക്ടർമാർ, 1 സീനിയർ സിവിൽ പോലീസ് ഓഫീസർ, 2 സിവിൽ പോലീസ് ഓഫീസർമാർ) അനധികൃതമായി പണം നൽകുകയോ/നൽകുന്ന വ്യക്തികളുമായോ ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(സി) 5 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ